**തൃശ്ശൂർ ജില്ലാ കലക്ടറുടെ നടപടിക്രമം**

**(ഹാജർ:- അർജ്ജുൻ പാണ്ഡ്യൻ, ഐ.എ.എസ്.)**

വിഷയം: RFCT LARR Act 2013 – തൃശ്ശൂർ ജില്ല – മുകുന്ദപുരം താലൂക്ക് - ചെങ്ങാലൂർ, പറപ്പൂക്കര വില്ലേജുകൾ - നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലത്തിലേക്കുള്ള സമാന്തര പാത നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ - സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ വിദഗ്ധ സമിതി റിപ്പോർട്ട് സമുചിത ഗവൺമെന്റ് പരിശോധിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. എക്സി. എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ) എറണാകുളം എന്നവരുടെ 21.08.2023 തീയതിയിലെ EEBR-DVOEKM/1/2022-D1-PWD നമ്പർ കത്തും അർത്ഥനയും

2. 21.07.2023 തീയതിയിലെ റവന്യൂ (ബി) വകുപ്പിന്റെ G.O. (Rt) No. 2684/2023/RD നം ഉത്തരവ്

3. ഈ കാര്യാലയത്തിലെ 30.05.2024 തീയതിയിലെ ഇതേ നമ്പർ നടപടിക്രമം.

4. 05.06.2024 തീയതിയിലെ കേരള ഗസറ്റ് അസാധാരണം വാല്യം 13 നമ്പർ 1738 ഫോറം 4(1) വിജ്ഞാപനം

5. 09.08.2024 തീയതിയിലെ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായ ചെയർമാൻ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് (ഓട്ടോണമസ്), സമർപ്പിച്ച അന്തിമ പഠന റിപ്പോർട്ട്.

6. വിദഗ്ധ സമിതി രൂപീകരിച്ചു കൊണ്ടുള്ള ഈ കാര്യാലയത്തിലെ 27/09/2024, 19/10/2024 തീയതികളിലെ ഇതേ നമ്പർ നടപടിക്രമം.

7. 1/11/2024 തീയതിയിലെ വിദഗ്ധ സമിതി റിപ്പോർട്ട്.

**ഉത്തരവ് നമ്പർ : DCTSR/7499/2023-E5** **തീയതി:30-11-2024**

തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലത്തിലേക്കുള്ള സമാന്തര പാത നിർമ്മാണത്തിനായി ചെങ്ങാലൂർ, പറപ്പൂക്കര വില്ലേജുകളിൽ ഉൾപ്പെടുന്ന 7.3 ആർ ഭൂമി ഏറ്റെടുക്കുന്നതിന് പരാമർശം (1) പ്രകാരം അർത്ഥനയും പരാമർശം (2)

പ്രകാരം റവന്യൂ (ബി) വകുപ്പിന്റെ ഉത്തരവും ലഭ്യമായിട്ടുള്ളതാണ്. സ്പെഷ്യൽ തഹസിൽദാർ എൽ.എ ജനറൽ, തൃശ്ശൂരിനെ ലാന്റ് അക്വസിഷൻ ഓഫീസറായി നിയോഗിച്ചിട്ടുള്ളതുമാണ്. 29.06.2016ലെ സർക്കാർ ഉത്തരവ് (P) നം. 376/2016/RD പ്രകാരം 200 ആർ-നു താഴെയുള്ള ഭൂമി ഏറ്റെടുക്കലുകളിൽ ജില്ലാ കളക്ടറെ സമുചിത ഗവണ്മെന്റായി നിയോഗിച്ച് ഉത്തരവായിട്ടുള്ളതാണ്.

RFCTLARR Act 2013ലെ സെക്ഷൻ 4 പ്രകാരം ഏറ്റെടുക്കുന്ന ഭൂമിയെ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാതപഠനം നടത്തുന്നതിനായി SIA യൂണിറ്റായ ചെയർമാൻ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ് (ഓട്ടോണമസ്), എന്ന യൂണിറ്റിനെ പരാമർശം ( 3 ) പ്രകാരം നിയോഗിച്ചിട്ടുള്ളതും ടി യൂണിറ്റിനെ നിയമിച്ചുകൊണ്ട് RFCT LARR ചട്ടം 11(3) പ്രകാരമുള്ള Form (4) വിജ്ഞാപനം പരാമർശം (4) പ്രകാരം അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. പദ്ധതി പ്രദേശത്തെ സംബന്ധിച്ച അന്തിമ പഠന റിപ്പോർട്ട് സാമൂഹിക പ്രത്യാഘാതപഠന യൂണിറ്റ് പരാമർശം (5) പ്രകാരം സമർപ്പിച്ചിട്ടുള്ളതും ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ട് വിലയിരുത്തുന്നതിനായി പരാമർശം (6) പ്രകാരം രൂപീകരിച്ച വിദഗ്ധ സമിതി പരാമർശം (7) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലത്തിലേക്കുള്ള സമാന്തര പാത നിർമ്മാണത്തിനായി ചെങ്ങാലൂർ, പറപ്പൂക്കര വില്ലേജുകളിൽ ഉൾപ്പെടുന്ന 7.3 ആർ ഭൂമി ഏറ്റെടുക്കുന്നതിന് സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠന യൂണിറ്റായ രാജഗിരി ഔട്ട് റീച്ച് തയ്യാറാക്കിയ സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമരേഖ വിദഗ്ദ സമിതി പരിശോധിക്കുകയും അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വസ്തുതാപരമാണെന്ന് ബോധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്.

പ്രസ്തുത പദ്ധതി പൊതു ആവശ്യത്തിന് ഉതകുന്നതാണ് എന്നതിനാലും പദ്ധതി നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന സാമൂഹ്യ ചെലവുകളേയും സാമൂഹ്യ പ്രത്യാഘാതങ്ങളേയും അപേക്ഷിച്ച് വളരെ വലുതാണ് എന്നും അഭിപ്രായമുള്ളതുകൊണ്ട് RFCT LARR ACT 2023 ലെ ബന്ധപ്പെട്ട വകുപ്പുകളിലും ചട്ടങ്ങളിലും പ്രതിപാദിച്ചിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ഭൂമി ഏറ്റെടുക്കുന്നതിന് വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്നു.

മേൽ സാഹചര്യത്തിൽ തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലത്തിലേക്കുള്ള സമാന്തര പാത നിർമ്മാണത്തിനായി ചെങ്ങാലൂർ, പറപ്പൂക്കര വില്ലേജുകളിൽ ഉൾപ്പെടുന്ന 7.3 ആർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന്

RFCT LARR Act 2013വകുപ്പ് 8 ലെ 1, 2 ഉപവകുപ്പുകൾ പ്രകാരം അനുവാദം നൽകി ഇതിനാൽ ഉത്തരാവാകുന്നു.

ഈ ഉത്തരവിന്റെ പകർപ്പ് വകുപ്പ് 8 ലെ 3-ാം ഉപവകുപ്പുപ്രകാരം നിഷ്കർഷിച്ചിട്ടുള്ള സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതിനും ചട്ടം 17 ലെ ഉപചട്ടം 2 പ്രകാരം ബാധിക്കപ്പെട്ട പ്രദേശത്ത് പ്രചാരത്തിലുള്ള ഒരു മലയാള ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനുമുള്ള തുടർനടപടികൾക്കായി സ്പെഷ്യൽ തഹസിൽദാർ(എൽ.എ) ജനറൽ, തൃശ്ശൂരിനെ ചുമതലപ്പെടുത്തുന്നു.

DISTRICT COLLECTOR

Signed by
Arjun Pandian
Date: 30-11-2024 11:10:21

സ്വീകർത്താവ്:

1. സ്പെഷ്യൽ തഹസിൽദാർ എൽ.എ. ജനറൽ, തൃശ്ശൂർ. ( ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ തിയ്യതി വിവരം റിപ്പോർട്ട് ചെയ്യുന്നതിനും മറ്റ് തുടർ നടപടികൾക്കുമായി )
2. എക്സിക്യൂട്ടിവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (പാലങ്ങൾ ), എറണാകുളം